ശ്രീ. ടി. എം. ജേക്കബ് : ഏതെങ്കിലും പ്രത്യേക സ്ക്കൂളിന് കൊടുത്തിട്ടുണ്ടോ എന്നുള്ളതിന് പ്രത്യേകമായ ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

വെളിച്ച വിപ്ലവ പരിപാടി

* 29. [32] ശ്രീ. സി. വാസുദേവമേനോൻ :
,, സി. കെ. തങ്കപ്പൻ :
,, എം. ജിനദേവൻ :
,, പി. സി. ജോർജ്ജ് :
,, ററി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെളിച്ച വിപ്ലവ പരിപാടി എന്നൊന്ന് ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഈ പരിപാടി അനുസരിച്ച് 28-2-1986 വരെ എത്ര പേർക്ക് കണക്ഷൻ നൽകി ;

(സി) എത്ര ലൈൻ എക്സ്റ്റെൻഷൻ പദ്ധതികൾ നടപ്പിലാക്കി ;

(ഡി) കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ എത്ര കണക്ഷനുകൾ നൽകി ;

(ഇ) കോൺട്രിബ്യൂഷൻ വ്യവസ്ഥ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടോ, എങ്കിൽ എന്നുമുതൽ ;

(എഫ്) വോൾട്ടേജ് ഇംപ്രൂവുമെൻറിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. 1-11-1985 മുതൽ ഈ തീവ്രയത്ന പടിപാടി നടത്തി വരുന്നു.

(ബി) നവംബർ ഒന്നു മുതൽ 71,088 പേർക്കും ഈ സാമ്പത്തിക വർഷത്തിൽ 172,309 പേർക്കും.

(സി) 1-11-1985 മുതൽ 28-2-1986 വരെ 1,100 എണ്ണവും ഈ സാമ്പത്തികവർഷത്തിൽ 1272 എണ്ണവും.

(ഡി) 1-11-1985 മുതൽ 23-2-1986 വരെ 24,040 എണ്ണവും ഈ സാമ്പത്തികവർഷത്തിൽ 77, 917 എണ്ണവും.

(ഇ) 1-4-1985 മുതൽ ഗാർഹികാവശ്യത്തിനുള്ള കണക്ഷനുകൾക്ക് കോൺട്രിബ്യൂഷൻ സമ്പ്രദായം നിറുത്തലാക്കിയിട്ടുണ്ട്. എന്നാൽ രേഖാമൂലം ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക അനുമതി പ്രകാരം കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ കണക്ഷൻ നൽകുന്നുണ്ട്.

(എഫ്) ആവശ്യമുള്ള സ്ഥലങ്ങളിൽ സാമ്പത്തികപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുതിയ ട്രാൻസ്ഫോർമറുകൾ വയ്ക്കുന്നതിനും ഇപ്പോഴുള്ള ട്രാൻസ്ഫോർമറുകൾ മാറി പകരം കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും പുതിയ ലൈനുകൾ വലിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ : കോൺട്രിബ്യൂഷൻ വ്യവസ്ഥ ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് വ്യക്തമായ മറുപടി പറഞ്ഞില്ല. അതു പറയണം. വോംട്ടേജ് ഇംപ്രൂവ്മെന്റിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നു ചോദിച്ചു. അതിനും മറുപടി പറഞ്ഞില്ല. ചോദ്യങ്ങൾ എഴുതി കൊടുത്ത് ചോദിച്ചതിനും മറുപടി എഴുതി വായിക്കുമ്പോഴെങ്കിലും ശരിയായ മറുപടി പറയേണ്ടതല്ലേ? വോംട്ടേജ് ഇംപ്രൂവ്മെന്റ് ആവശ്യമുണ്ടായിരുന്നിട്ടും ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി നോക്കാതെ സ്പെഷ്യൽ ഓർഡറുകൾ ചിലർക്ക് പ്രത്യേകമായിട്ട് ഇവിടെ നിന്ന് ഇഷ്യൂ ചെയ്യുന്നുണ്ട്. അതുകൊണ്ട് എസ്. എസ്. എൽ. സി. പരീക്ഷ നടക്കുന്ന ഈ കാലത്ത് കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം പോലും നഷ്ടപ്പെടുന്നു. ഈ കാര്യത്തെ സംബന്ധിച്ച് ഞാനിവിടെ ശ്രദ്ധ ക്ഷണിക്കുക പോലും ചെയ്തിട്ടുണ്ട്. മുതലമട പഞ്ചായത്തിൽ കുട്ടികൾക്ക് പഠിക്കാനുള്ള അസൗകര്യം മാത്രമല്ല, 200 ഓളം മോട്ടോറുകൾ അവിടെ പ്രവർത്തിക്കാതിരിക്കുകയുമാണ്. അൻപതിനായിരവും അറുപതിനായിരവും രൂപ വരെ ബാങ്കിൽ നിന്ന് കടമെടുത്ത് കൃഷിക്കാർ മോട്ടോർ സ്ഥാപിച്ചു. വെള്ളം കിട്ടാനില്ലാത്ത സ്ഥലമാണത്. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം നിവേദനങ്ങളും നടത്തി. വെളിച്ച വിപ്ലവപരിപാടി വളരെ ഗംഭീരമായിട്ട് കൊട്ടിഘോഷിക്കുന്ന ഈ അവസരത്തിൽ ഉള്ള മോട്ടോറുകൾ വർക്ക് ചെയ്യുവാനും ഉള്ള വിളക്കുകൾ കത്തിക്കുന്നതിനും എന്തെങ്കിലും നടപടിയെടുക്കുമോ ?

ശ്രീ. കെ. എം. മാണി : ഇവിടെ ചോദിച്ച ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിട്ടില്ല എന്നു പറയുന്നത് ശരിയല്ല. ചോദ്യം ചോദിച്ചതിനു മുഴുവൻ മറുപടി പറഞ്ഞിട്ടുണ്ട്. രണ്ടാമതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിച്ചത് തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലുമൊരു സ്ഥലത്തേക്ക് ലൈൻ എക്സ്റ്റൻഷൻ ചെയ്തിട്ടുണ്ടെങ്കിൽ അതിനാവശ്യമായ ലോഡ് താങ്ങുന്നതിനുവേണ്ടി ട്രാൻസ്ഫോമറുകൾ വച്ചു വച്ചാണ് പോകുന്നത്. വെളിച്ചവിപ്ലവ പരിപാടിയുടെ ഫലമായി വോംട്ടേജ് കുറവില്ല. കേരളത്തിൽ വോംട്ടേജ് ഇംപ്രൂവ് ചെയ്യുന്നതിന് സത്വരമായി നടപടിയെടുക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി വേൾഡ് ബാങ്കുമായിട്ട് ആലോചിച്ച് വലിയ ഒരു പ്രോഗ്രാം ഈ ഗവൺമെന്റ് ഏറ്റെടുക്കുന്നുണ്ട്. ആ പ്രോഗ്രാം ഏറ്റെടുത്തു നടപ്പിലാക്കിക്കഴിയുമ്പോൾ ഇതിന് പ്രതിവിധിയുണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. സി. വാസുദേവമേനോൻ : ഇങ്ങനെ സ്പെഷ്യൽ ഓർഡർ കൊടുത്തതുകൊണ്ട് ഒരു ബുദ്ധിമുട്ടുമുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ചിറ്റൂർ താലൂക്കിൽ മുതലമട പഞ്ചായത്തിൽ ചപ്പക്കാട് എന്ന ഒരു സ്ഥലത്ത് ഒരു ട്രാൻസ്ഫോമർ ഉണ്ട്. അതിന്റെ കപ്പാസിറ്റിയിൽ കൂടുതൽ കണക്ഷൻ കൊടുത്തതിന്റെ ഫലമായിട്ട് ആ ട്രാൻസ്ഫോമർ തന്നെ മാറ്റണമെന്നുള്ള നിർദ്ദേശം വന്നു. 1985 മാർച്ച് മാസത്തിൽ 1,25,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചു. ഈ കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞതാണ്. ഈ വെളിച്ച വിപ്ലവത്തിന്റെ കാലഘട്ടത്തിലെങ്കിലും അദ്ധ്വാന വർഗ്ഗത്തിന്റെ പ്രമുഖ നേതാവായ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ഈ കാര്യത്തിൽ പ്രത്യേകമായിട്ട് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. എം. മാണി : അതാണ് ഉദ്ദേശിക്കുന്നതെങ്കിൽ ശ്രദ്ധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : കേരളത്തിലെ നിരവധി ലക്ഷം വീട് കേന്ദ്രങ്ങളും വയറിംഗ് ചെയ്തിട്ടും വെളിച്ചം ലഭിക്കാതെയുണ്ട്. വെളിച്ച വിപ്ലവം കൊണ്ടാടുന്ന ഈ അവസരത്തിൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വളരെ പെട്ടെന്ന് വെളിച്ചം എത്തിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : 28-2-1986 വരെ 367 ഹരിജൻ കോളനികളിൽ വെളിച്ചം എത്തിച്ചു എന്നു പറയുമ്പോൾ അത് എത്രയോ വലിയ കാര്യമാണ്. ഈ ഗവൺമെൻറിനെ അനുമോദിക്കുകയല്ലേ വേണ്ടത് ? ഹരിജൻ കോളനികളിൽ വെളിച്ചം എത്തിക്കുന്നത് പ്രധാനപ്പെട്ട ഒരു പരിപാടിയായിട്ട് ഗവൺമെൻറ് ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : ലക്ഷം വീടു കോളനികളെപ്പറ്റിയാണ് ചോദിച്ചത്. അതിനു മറുപടി പറഞ്ഞില്ല.

ശ്രീ. കെ. എം. മാണി : നിയമപരമായി പറയുകയാണെങ്കിൽ ലക്ഷംവീടു കോളനികൾക്ക് ഹരിജൻ കോളനികൾക്കുള്ള പരിഗണന ഇൻഡ്യാ ഗവൺമെൻറ് കൊടുത്തിട്ടില്ല. കളക്ടർമാർ, അവരുടെ പ്രയോറിറ്റി വച്ച് ഹരിജൻ കോളനികൾ ഏറ്റെടുത്ത് ശുപാർശ ചെയ്യുന്നതിനനുസരിച്ച് ചെയ്യണം എന്നാണ്. പക്ഷേ ലക്ഷം വീടു കോളനികൾക്ക് ആ പരിഗണന ഇല്ലെങ്കിൽപ്പോലും സംസ്ഥാന ഗവൺമെൻറ് ലക്ഷംവീടു കോളനികൾക്ക് പ്രത്യേക പരിഗണന കൊടുക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ വെളിച്ച വിപ്ലവ പരിപാടി അനുസരിച്ച്, എൻറെ അറിവിൽപ്പെട്ടിടത്തോളം ലക്ഷംവീടു കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനിയും കൂടുതലായിട്ട് വൈദ്യുതീകരിക്കാം.

ശ്രീ. സി. കെ. തങ്കപ്പൻ : ലക്ഷംവീട് കോളനി നിവാസികളുടെ പരാതി എൻറെ പക്കലുണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിക്കും. അടിയന്തിരമായിട്ട് അവിടെ വെളിച്ചം എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി എടുക്കണം.

ശ്രീ. കെ. എം. മാണി : അങ്ങനെ പല ലക്ഷംവീട് കോളനികളും ഇനിയും കേരളത്തിൽ കിടപ്പുണ്ട്. നമുക്കതു നോക്കാം.

ശ്രീ. സി. കെ. തങ്കപ്പൻ : നമ്മുടെ കിഴക്കൻ മേഖലയിലെ വനാന്തർഭാഗത്തുള്ള ആദിവാസികേന്ദ്രങ്ങളിൽ വൈദ്യുതി എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ വിലങ്ങുതടിയായി നിൽക്കുന്ന ഒരു വസ്തുതയുണ്ടെന്നാണെനിക്ക് തോന്നുന്നത്—കേന്ദ്ര വനസംരക്ഷണനിയമം. ആ നിയമം ഈ ആദിവാസി കേന്ദ്രങ്ങളിൽ വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയാണെങ്കിൽ കേന്ദ്രവുമായി ബന്ധപ്പെട്ട് അവർക്ക് വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് പരിശോധിച്ചിട്ട്, അതിനെന്തെങ്കിലും പ്രതിബന്ധമുണ്ടെങ്കിൽ നീക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ജിനദേവൻ : വെളിച്ച വിപ്ലവകാലത്ത് നമ്മുടെ ഹരിജൻ-ഗിരിജന കോളനികളെല്ലാം വൈദ്യുതീകരിക്കുമെന്നുള്ള തീരുമാനം നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : അത് കർശനമായ തീരുമാനം തന്നെയാണ്. അതിൽനിന്ന് പുറകോട്ടുപോകുന്ന പ്രശ്നമേയില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുതിയ വിദ്യാലയങ്ങൾ

* 30. [33] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, പി. സീതി ഹാജി :
,, എം. കെ. പത്മനാഭൻ
,, കെ. സി. ജോസഫ് :

ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1986 ജനുവരിക്കുശേഷം സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എയിഡഡ് സ്കൂളുകൾ എത്ര ;

(സി) അൺ എയ്ഡഡ് സ്കൂളുകൾ എത്ര ;

(ഡി) പുതുതായി അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്ര സ്കൂളുകൾ ;

(എഫ്) ഇതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ജി) ഈ തീരുമാനംമൂലം നിലവിലുള്ള ഗവൺമെന്റ് സ്കൂളുകൾ അടച്ചിടേണ്ട സ്ഥിതിവരുമോ ;

(എച്ച്) 1986-87 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ;

(ജെ) ഇതിനുള്ള നടപടി ഏതുവരെയായി ;

(കെ) എത്ര സ്വകാര്യ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നു ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക സ്ഥല നിർണ്ണയ ലിസ്റ്റിൽ ഈ ഗവൺമെന്റ് നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിനായി ഒരു എയിഡഡ് ഹൈസ്കൂൾ മന്ത്രിസഭയുടെ തീരുമാനത്തിനു വിധേയമായി അനുവദിച്ചിട്ടുണ്ട്.

(സി) ഒന്ന്

(ഡി) ഉണ്ട്.

(ഇ) 150.

LIBRARY ARCHIVES Kerala Legislative Assembly